Page 1 of 1

പുനരധിവസിപ്പിക്കപ്പെട്ട 76 കുടുംബങ്ങൾ താമസിക്കുന്ന പെരുമാൾപ്പടി ഫിഷറീസ് കോളനിയിൽ വെള്ളപ്പൊക്കവും മഴക്കെടുതിയുംമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

&

(ബി) ഇല്ലെങ്കിൽ ഇവിടെ താമസിക്കുന്ന കുടുംബങ്ങളുടെ ദയനീയ സ്ഥിതി കണക്കിലെടുത്ത് ഈ കോളനിയിലെ വെള്ളക്കെട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഫിഷറീസ് വകുപ്പ് മുഖേന നടപടി സ്വീകരിച്ചിട്ടില്ല. കോളനിയിലെ വെള്ളക്കെട്ട് പരിഹരിക്കേണ്ട നടപടി സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പും ഇറിഗേഷൻ വകുപ്പുമാണ്. എന്നാൽ കോളനിയിലെ ദയനീയ സ്ഥിതി കണക്കിലെടുത്ത് പ്രശ്നം പരിഹരിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമാക്കുന്നപക്ഷം അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

പൊഴിയൂർ തീരമേഖലയിലെ പ്രവൃത്തികൾ

274(5722) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷത്തിൽ പൊഴിയൂർ തീരദേശ മേഖലയിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ;

&

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പൊഴിയൂർ തീരദേശ മേഖലയിലെ കാരോട് എന്ന സ്ഥലത്ത് വ്യക്തിഗത ഫ്ലാറ്റ് ഒന്നിന് 10 ലക്ഷം രൂപ നിരക്കിൽ 24 വ്യക്തിഗത ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 2.40 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 11 റോഡ് പ്രവൃത്തികൾക്കായി 191.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയ റോഡ് പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു*. 2021-22 സാമ്പത്തിക വർഷത്തിൽ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly